(സി) പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറായി വരുന്നതേയുള്ളൂ.

ക്ഷയരോഗനിവാരണ നടപടി

137(848)ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള ക്ഷയരോഗികളുടെ കണക്ക് എടുത്തിട്ടുണ്ടോ; എങ്കിൽ എത്ര; ഇത് കഴിഞ്ഞ കാലങ്ങളിലേതിനെക്കാൾ കൂടുതലാണോ കുറവാണോ;

(ബി) ക്ഷയരോഗംമൂലം കേരളത്തിൽ ഓരോ വർഷവും എത്ര രോഗികൾ മരണമടയുന്നുണ്ട്;

(സി) ക്ഷയരോഗത്തിന് ചികിൽസിക്കാൻ ഏതെല്ലാം അന്തർദേശീയ ഏജൻസികളുടെ സഹായം ലഭിക്കുന്നുണ്ട്;

(ഡി) ഏതെല്ലാം ജില്ലകളിലാണ് ക്ഷയരോഗ നിവാരണത്തിന് അടിയന്തിര നടപടി സ്വീകരിക്കാൻ സംവിധാനമുള്ളത്; മറ്റ് ജില്ലകളിൽ ഏതു തരത്തിലാണ് നടപടി സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രത്യേകമായി കണക്കെടുത്തിട്ടില്ല. എന്നാൽ ആശുപത്രികളിൽ ചികിൽസയ്ക്കെത്തിയ രോഗികളുടെ കണക്ക് താഴെ കാണും പ്രകാരമാണ്. ഇതിൽ ഈ വർഷത്തെ കണക്ക് ഉൾപ്പെടുത്തിയിട്ടില്ല. അടുത്ത മാർച്ച് മാസത്തോടുകൂടിയേ പൂർണ്ണമാവുകയുള്ളൂ.

1995-96 - 42091

1996-97 - 36922

1997-98 - 38269

1998-99 - 40419

(ബി) 1995-96-ൽ 272 പേർ

1996-97-ൽ 243 പേർ

1997-98ൽ 131 പേർ

1998-99-ൽ 123 പേർ

1999 ഏപ്രിൽ മുതൽ ഒക്ടോബർ വരെ 116 പേർ ഈ രോഗംമൂലം മരണമടഞ്ഞിട്ടുണ്ട്.

(സി) കേന്ദ്ര ഗവൺമെന്റ് മുഖേന ലോക ബാങ്ക് സഹായം ലഭിച്ചു വരുന്നു.

(ഡി) പരിഷ്ക്കരിച്ച ക്ഷയരോഗനിയന്ത്രണപരിപാടി തിരുവനന്തപുരം, കോട്ടയം, പത്തനംതിട്ട, തൃശൂർ, മലപ്പുറം, കണ്ണൂർ, വയനാട് എന്നീ ജില്ലകളിൽ നടപ്പിലാക്കിവരുന്നു. മറ്റുള്ള ജില്ലകളിൻക്കൂടി ഈ വർഷം തന്നെ ഈ പരിപാടി നടപ്പാക്കാൻ ശ്രമം നടത്തുന്നുണ്ട്. എന്നാൽ ഇപ്പോൾ പഴയ രീതിയിലുള്ള ദേശീയ ക്ഷയരോഗനിയന്ത്രണ പരിപാടിയാണ് ഇവിടങ്ങളിൽ നിലവിലുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly